**തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

**വിഷയം:** വനംവകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പള സ്കെയിലിൽപ്പെട്ട ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് -സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

**സൂചന:**
1. എ.പി.സി.സി.എഫ് (ഭരണം)ന്റെ 30.01.2014 തീയതിയിലെ ഉത്തരവ് നം. ഇ2-1830/2014.
2. വൈൽഡ് ലൈഫ് വാർഡൻ തിരുവനന്തപുരത്തിന്റെ 21.02.2017 തീയതിയിലെ ഇ-489/16-ാം നം. കത്ത്.

**ഉത്തരവ് നമ്പർ ഇ2-1830/14 തീയതി 05.08.2017**

ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലെ (പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ ഒഴികെ) ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

നെയ്യാർ വന്യജീവി സങ്കേതത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പി. ജ്യോതിഷ് കുമാർ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് നിയമനത്തിന് ആവശ്യമായ യോഗ്യത നേടിയിട്ടുണ്ടെന്നും ടിയാൻ മേൽപ്പറഞ്ഞ സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അർഹതപ്പെട്ട സ്ഥാനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ വിശദമായി പരിശോധിച്ച് ടിയാന്റെ സർവ്വീസ്, യോഗ്യത വിശദാംശം തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡനിൽ നിന്നും ശേഖരിച്ച് പരിശോധന നടത്തിയതിൽ ടിയാൻ ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹനാണെന്ന് ബോധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ 14.05.2007 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ജ്യോതിഷ് കുമാർ. വി. യുടെ സ്ഥാനം സൂചന പ്രകാരമുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (5) ശ്രീ. എം. സുബാഷിനും, ക്രമനമ്പർ (6) ശ്രീമതി. ഷെർളി. ആർ-നും മധ്യേ (5 എ) ആയി ഉൾപ്പെടുത്തുവാൻ താൽക്കാലികമായി തീരുമാനിക്കുന്നു.

മേൽ തീരുമാനത്തിനെതിരെ ആക്ഷേപമോ/ പരാതികളോ ഉള്ളവർ ഈ ഉത്തരവ് വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ശ്രീ. വി. ജ്യോതിഷ് കുമാർ, ഓഫീസ് അറ്റൻഡന്റിന് (തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയം) അയക്കുന്നു.

പകർപ്പ്:
1. വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരത്തിന്.
2. വനം വകുപ്പ് വെബ്സൈറ്റിൽ.

*E:\Sobhana.V.S\proceedings\malayalam\E2\E2-1830.14.doc*